(എ) ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. ബഹു. സുപ്രീംകോടതിയുടെ അശോക് കുമാർ താക്കൂർ കേസ്സിലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും കുടുംബവരുമാനവും പരിഗണിച്ച്, പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് സ്വതന്ത്ര പഠനം സമയബന്ധിതമായി നടത്തുവാനും 2014-15 വിദ്യാഭ്യാസ വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിൽ നടപ്പിൽ വരുത്തുവാനും ബഹു.ഹൈക്കോടതി 7-8-2013-ൽ W.P(C)29271/12, W.P(C)11578/13 എന്നീ കേസുകളിൽ ഉത്തരവായിരുന്നു. അതിൻപ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുകയുണ്ടായി. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിഗണിച്ച് 1-1-2015-ൽ സ.ഉ. (പി)നമ്പർ1/2015/പി.സ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ

12 (*72) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ സെൽവരാജ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) എങ്കിൽ ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള നിയമപ്രകാരം 3 വർഷത്തിൽ ഒരിക്കൽ തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതായിട്ടുണ്ട്. നേരിട്ടോ, ദൂതൻ മുഖേനയോ തപാൽ മാർഗ്ഗമോ പുതുക്കാവുന്നതാണ്. ആയതിലേക്ക് പുതുക്കേണ്ട മാസവും, തൊട്ടടുത്ത 2 മാസവും ഗ്രേസ് പീരീഡ് ആയി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരു വർഷക്കാലയളവ് ഗ്രേസ് പീരീഡ് അനുവദിച്ച് വരുന്നു. യഥാസമയം പുതുക്കാൻ കഴിയാത്ത വികലാംഗ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനായി രേഖാമൂലം അറിയിപ്പ് നൽകുകയും, ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ രോഗം, പ്രസവം, കൂടുതൽ തടങ്കൽ/നിയമം അനുസരിച്ചുള്ള അറസ്റ്റ്, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാന്വലിൽ (NESM) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും അനുമതി നൽകി വരുന്നുണ്ട്. വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകി വരുന്നുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ ഈ സർക്കാരിന്റെ കാലത്ത് 4 (നാല്) തവണ അനുമതി നൽകിയിട്ടുണ്ട്.

(സി) തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും ഏറ്റവും അവസാനം പുറപ്പെടുവിച്ച സ.ഉ.(സാധാ) നമ്പർ 831/2014/തൊഴിൽ തീയതി 21-6-2014 പ്രകാരം 1-1-1993 മുതൽ 21-6-2014 വരെ നിയമാനുസൃതം എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് 31-8-2014 വരെ സമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റിയോടുകൂടി പുതുക്കുന്നതിന് സർക്കാർ വിവിധ കാലയളവിൽ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും കാലാകാലങ്ങളിൽ സർക്കുലർ മുഖേന സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും കിട്ടുന്ന അപേക്ഷകളിൻമേൽ അതാത് ദിവസം തന്നെ നടപടി സ്വീകരിച്ച് സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകണമെന്നും, നിയമാനുസൃതം സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സൗജന്യ പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം സംസ്ഥാനതലത്തിലും, മേഖല തലത്തിലും ജില്ലാ തലത്തിലും എല്ലാ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും നിരന്തരം പ്രാദേശികമായി പരമാവധി പ്രചാരണം നൽകിയിട്ടുണ്ട്.

മരുന്നുക്ഷാമം

13 (*73) ശ്രീ. ഇ. പി. ജയരാജൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി ജീവൻരക്ഷാ മരുന്നുകൾക്ക് വിപണിയിൽ കൃത്രിമക്ഷാമം സൃഷ്ടിച്ച് കരിഞ്ചന്തയിൽ വിൽക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ എന്ന് അറിയിക്കാമോ ;

(ബി) മരുന്നുക്ഷാമം പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനമൊട്ടാകെ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാത്തതിന്റെയും നിലവിലുള്ളവയിൽ അവശ്യമരുന്നുകൾ പലതും ലഭ്യമാകാത്തതിന്റെയും കാരണം അറിയിക്കാമോ ;

(ഡി) മരുന്നുക്ഷാമത്തെക്കുറിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ ; എങ്കിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിയുണ്ടായോ എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly